**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 255 — 07.08.2017 ൽ മറുപടിക്ക്

ഒങ്ങല്ലൂർ പഞ്ചായത്തിലെ ആക്രി കച്ചവടം ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒങ്ങല്ലൂർ പഞ്ചായത്തിലെ ആക്രി കച്ചവടം ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും മാരകമായ കരൾ ക്യാൻസർ, കരളിനെയും മററവയവങ്ങളെയും ബാധിക്കുന്ന രോഗങ്ങൾ എന്നിവ ഈ മേഖലയിൽ ഏറ്റവും കൂടുതലാണെന്നുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഒങ്ങല്ലൂർ പഞ്ചായത്തിലെ ആക്രി സാധനങ്ങളിൽ മഴവെള്ളം നിറഞ്ഞ് കൊതുകുകളുടെ ഉറവിടമായി മാറിയിട്ടുള്ളതിനാൽ പ്രദേശത്ത് ഡങ്കി പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കരൾ ക്യാൻസർ, അവയവങ്ങളെ ബാധിക്കുന്ന രോഗങ്ങൾ എന്നിവ കൂടുതലായി കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത കച്ചവടം ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാകാമോ ; ഇല്ലെങ്കിൽ അത്തരം ഒരു പഠനം / സർവ്വേ വകുപ്പിന്റെ നേതൃത്വത്തിൽ നടത്താൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഒങ്ങല്ലൂർ ഡെങ്കി ബാധിത പ്രദേശങ്ങളിൽ പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ കമ്യൂണിറ്റി മെഡിസിൻ വിഭാഗം 22.06.2017 ൽ Outbreak investigation ന്റെ ഭാഗമായി നടത്തിയ പ്രാഥമിക പഠന റിപ്പോർട്ടിൽ ആക്രി ശേഖരണങ്ങൾ ഡെങ്കി പകരുന്നതിന് പ്രധാന കാരണമായി സൂചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ഡെങ്കിപ്പനി പ്രാഥമിക അന്വേഷണ റിപ്പോർട്ട്
### ഓങ്ങല്ലൂർ, പാലക്കാട് 22.06.17

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭ്യർത്ഥന പ്രകാരം പാലക്കാട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ അദ്ധ്യാപകവൃന്ദം 22.06.17 ൽ പാലക്കാട് ഓങ്ങല്ലൂരിലുണ്ടായ ഡെങ്കിപ്പനി ബാധിത പ്രദേശത്ത് നടത്തിയ ടീമിന്റെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മെയ്, ജൂൺ 2017 കാലഘട്ടങ്ങളിൽ ഓങ്ങല്ലൂർ പഞ്ചായത്തിന്റെ 13-ാം വാർഡിൽ നിന്നും 3 ഡെങ്കിപ്പനി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 60 ൽ കൂടുതൽ ഡെങ്കിപ്പനി സംശയിക്കുന്ന കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ഒ.പി യിൽ നിന്നും ഫീൽഡിൽ നിന്നും ഡെങ്കിപ്പനി സംശയിക്കുന്ന കേസുകൾ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഡെങ്കിപ്പനി നിയന്ത്രണ പരിപാടികൾ ഊർജ്ജസ്വലമായി നടത്തിവരുന്നതെങ്കിലും രോഗവാഹകരുടെ സാന്ദ്രത വളരെ കൂടുതലാണ്.

ആക്രി സാധനങ്ങളുടെ ശേഖരണം, വേർതിരിക്കൽ, വിൽക്കൽ (പുനരുത്പാദനത്തിനായുള്ള) എന്നിവ ഈ പ്രദേശത്തെ ആൾക്കാരുടെ പ്രധാന വരുമാനമാണ്. ഫീൽഡ് പരിശോധനാ സമയത്ത് ഈഡിസ് കൊതുക് ലാർവകളുടെ പോസിറ്റീവായ നിരവധി ഉറവിടങ്ങൾ കണ്ടെത്തുകയുണ്ടായി. ഇവ നിലവിലുള്ള ഡെങ്കിപ്പനി കൂടാതെ മറ്റ് പൊതുജനാരോഗ്യപ്രശ്നങ്ങളായ എലിപ്പനി, മറ്റ് ജലജന്യരോഗങ്ങൾ എന്നിവയ്ക്ക് കാരണമാകും. വീടുകൾ സന്ദർശിച്ച സമയത്ത് ഈഡിസ് ലാർവകളുടെ സാന്നിദ്ധ്യം ഗാർഹികമാലിന്യങ്ങൾ വലിച്ചെറിഞ്ഞ വേസ്റ്റുകളിലും പോസിറ്റീവായി കണ്ടെത്തി. എല്ലാ വീടുകൾക്കകത്തും കൊതുകുതിരി മാറ്റ് എന്നിവ ഉപയോഗിക്കുന്നുണ്ടെങ്കിലും കൊതുകിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ആ പ്രദേശത്തെ കുളത്തിനകത്ത് നിരവധി ഇലക്ട്രോണിക് വേസ്റ്റുകൾ വലിച്ചെറിഞ്ഞതായി കാണപ്പെട്ടു. മുകളിൽ നടത്തിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കാണുന്നവ ശുപാർശ ചെയ്യുന്നു.

1. ഈ സ്ഥലത്ത് ശേഖരിച്ച് വെച്ചിരിക്കുന്ന ആക്രി സാധനങ്ങൾ എത്രയും പെട്ടെന്ന് മാറ്റി കൃത്യമായി ഡിസ്പോസ് ചെയ്യുക.

2. ആക്രി സാധനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് കൃത്യമായ ഒരു പ്ലാനിംഗിന്റെ അഭാവത്തിൽ ഈ ആക്രി സാധനങ്ങളിലെ വെള്ളം കെട്ടി നിൽക്കുന്നത് മാറ്റിയ ശേഷം ഒരു കുരയ്ക്കുള്ളിൽ ശേഖരിച്ച് വയ്ക്കാവുന്നതാണ്. ഈ ആക്രിസാധനങ്ങളുടെ മുകളിൽ കൂത്താടി നശീകരണ ഉപാധിയായി മാലത്തിയോൺ തളിക്കാവുന്നതാണ്. ഇതിന് വേണ്ടി താത്ക്കാലികമായിട്ടുള്ള ഷെഡുകളുടെ നിർമ്മാണമോ, ആക്രി സാധനങ്ങൾക്ക് മുകളിൽ വെള്ളം കെട്ടിക്കിടക്കാത്ത വിധത്തിൽ ടാർപ്പാളിൻ വലിച്ച് മുറുക്കി കെട്ടുകയോ ചെയ്യാവുന്നതാണ്.

3. ആക്രി കച്ചവടക്കാരോട് ഇവ ഈ സ്ഥലത്ത് നിന്ന് മാറ്റിക്കൊണ്ട് പോകുവാനോ സുരക്ഷിതമായി മാറ്റാനോ ഉടനടി ആവശ്യപ്പെടാവുന്നതാണ്. ഇതിനായി ഒരു നോട്ടീസ് നൽകുവാനുള്ള അലംഭാവം ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനാരോഗ്യ നിയമം അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

4. ആക്രി കച്ചവടക്കാർ മേൽപ്പറഞ്ഞ നടപടികൾ സ്വീകരിക്കാത്ത പക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, വ്യവസായം എന്നീ വകുപ്പുകളുടെ സംയോജിത നടപടികൾ വഴി പരിഹാരം കാണാവുന്നതാണ്.

5. സാമൂഹിക പങ്കാളിത്തത്തോടെ സാമൂഹിക ശുചീകരണ യജ്ഞം വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും നടപ്പിലാക്കുക. അതിനായി ഇതിനുള്ള മാനവ വിഭവശേഷി വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റി, എൻ.ജി.ഒ കൾ, യൂത്ത് ക്ലബ്ബുകൾ, കുടുംബശ്രീകൾ, അയൽക്കൂട്ടങ്ങൾ വിവിധ മത വിഭാഗങ്ങൾ അവരുടെ നേതാക്കൾ, റസിഡൻസ് അസോസിയേഷനുകൾ, മർച്ചന്റ് അസോസിയേഷനുകൾ എന്നീ സംഘടനകളിൽ നിന്നും നേടിയെടുക്കാവുന്നതാണ്.

6. ശുചീകരണ യജ്ഞത്തിൽ കുളങ്ങളുടെ ശുചീകരണവും ഉൾപ്പെടുത്തേണ്ടതും ആക്രി സാധനങ്ങളുടെ ശരിയായ നിർമ്മാർജ്ജനം നടപ്പിൽ വരുത്തേണ്ടതാണ്.

7. പ്രതിരോധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി സമൂഹത്തിൽ നിന്നുള്ള വോളണ്ടിയർമാരെ തിരഞ്ഞെടുക്കേണ്ടതാണ്.

8. പഞ്ചായത്തിൽ മൊത്തത്തിൽ എല്ലാ ആഴ്ചയും ഡ്രൈഡേ ആചരിക്കുകയും വിവിധ തലങ്ങളിൽ ഓഫീസർമാരുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതുമാകുന്നു.

9. സമൂഹത്തിലെ വിവിധ തലങ്ങളിലായി ഐ.ഇ.സി ക്യാമ്പയിനുകൾ നടത്തേണ്ടതാണ്. വ്യക്തിശുചിത്വം, ഉറവിട നശീകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ട ഐ.ഇ.സി പരിപാടികൾ ഓഫീസർമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

10. പ്രതിരോധപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിദ്യാഭ്യാസം നൽകുന്നതിനായി വിവിധ ലോക്കൽ ന്യൂസ്പേപ്പറുകളിൽ ഒരു കോളം നീക്കി വെയ്ക്കേണ്ടതാണ്.

11. പഞ്ചായത്ത് മുഴുവനും എത്തിപ്പെടുന്ന വിധത്തിൽ മൊബൈൽ പനി ക്ലിനിക്കുകൾ ആരംഭിക്കാവുന്നതാണ്. ഈ സംരംഭത്തിനായി പട്ടാമ്പി, ഒറ്റപ്പാലം എന്നീ മേഖലകളിൽ സ്വകാര്യ ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

12. കൃത്യമായുള്ള പനി നിരീക്ഷണം, ഉറവിട നശീകരണം, രോഗവാഹകരുടെ നിരീക്ഷണം (വെക്ടർ) എന്നിവ കൃത്യമായി നടപ്പിലാക്കുക. പൊതുജനാരോഗ്യ നിയമമനുസരിച്ച് ഇത് നടപ്പിലാക്കാൻ വിസമ്മതിക്കുന്ന വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

13. ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ റിംഗ് ഫോഗിംഗും, വീടികൾക്കുള്ളിൽ പൈറിത്രം മണ്ണെണ്ണയിലൊഴിച്ചുകൊണ്ടുള്ള മിശ്രിതം തളിക്കുകയും ചെയ്യാവുന്നതാണ്.

14. പനി ക്ലിനിക്കുകൾ നന്നായി നടപ്പിലാക്കാനും ഫീൽഡ് പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും താത്ക്കാലികമായി ഈ സ്ഥലത്തേയ്ക്ക് ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ, മറ്റ് സഹായം ചെയ്യാൻ സന്നദ്ധതയുള്ളവർ ഇവരെ താത്ക്കാലികമായി നിയോഗിക്കാവുന്നതാണ്.

16. തുറസ്സായ സ്ഥലങ്ങളിൽ പണിയെടുക്കുന്നവർക്ക് കൊതുകിനെ അകറ്റുന്ന ക്രീമുകൾ ശരീരത്തിൽ പുരട്ടുന്നതിനായി സൗജന്യമായി നൽകേണ്ടതാണ്. വെളിമ്പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് കൊതുകുകടി ഏൽക്കാതിരിക്കാനുള്ള ലേപനങ്ങൾ പുരട്ടാനും ശരീര സുരക്ഷ ഉറപ്പ് വരുത്താനും വസ്ത്രധാരണത്തിന് പ്രചോദനം നൽകേണ്ടതാണ്.

16. തുറസ്സായ പ്രദേശങ്ങളിൽ ആളുകൾ ഒരുമിച്ചു കൂടുന്ന സ്ഥലത്ത് കൊതുകുകടി ഏൽക്കാതിരിക്കാനുള്ള ലേപദ്രവ്യം പുരട്ടേണ്ടതാണ്.

17. വീടുകളിലും ആശുപത്രികളിൽ അഡ്മിറ്റായി കിടക്കുന്ന രോഗികൾക്ക് കൊതുകുവല നൽകേണ്ടതാണ്.

18. ജില്ലയിലെ എല്ലാ ഫിസിഷ്യൻമാർക്കും ഫ്ളൂയിഡ് മാനേജ്മെന്റിനെക്കുറിച്ചുള്ള അത്യാധുനികമായ അറിവ് കെ.ജി.എം.ഒ.എ, ഐ.എം.എ എന്നിവ മുഖേന പകർന്ന് നൽകണം.

19. ഐ.ഡി.എസ്.പി റിപ്പോർട്ടുകൾ. ഡെങ്കിപ്പനിയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ. ഡ്രൈ ഡേ രജിസ്റ്ററുകൾ, രോഗവാഹകരുടെ സാന്ദ്രതയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ- ഇതനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഏകീകരണവും കൃത്യമായ സമയങ്ങളിൽ നടപ്പാക്കുക.